അദ്ധ്യായം 1

## അൽ ഫാതിഹ (പ്രാരംഭം)

അവതരണം മക്കയിൽ, വചനങ്ങൾ 7

**അദ്ധ്യായ പരിചയം:**

പ്രവാചകൻ മുഹമ്മദി(സ)ൻെറ മക്കാജീവിത കാലത്താണ് ഈ അദ്ധ്യായം അവതരിച്ചത്. ഖുർആനിലെ പ്രാരംഭ പ്രാർഥനയാണ് ഈ അദ്ധ്യായം. ഏകദൈവവിശ്വാസികൾ തങ്ങ ളുടെ രക്ഷിതാവിൻെറ മുമ്പിൽ സമർപ്പിക്കുന്ന അപേക്ഷയും അവനിൽനിന്ന് തങ്ങൾക്ക് ലഭി ക്കേണ്ട അനുഗ്രഹത്തിന് മുന്നോടിയായി അവർ അവനു സമർപ്പിക്കുന്ന തിരുമുൽക്കാഴ്ച യുമാണിത്.

ഏഴ് വചനങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്. ആദ്യത്തെ നാല് സൂക്തങ്ങളിൽ മനു ഷ്യൻ ഏകദൈവത്തിനു മുമ്പിൽ സമർപ്പിക്കുന്ന സ്തോത്രങ്ങളാണ്. അവസാനത്തെ മൂന്ന് സൂക്തങ്ങളിൽ മനുഷ്യൻ തൻെറ യജമാനനോട് നടത്തുന്ന സഹായർഥനകളുമാണ്.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿١﴾ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٢﴾ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿٣﴾ مَٰلِكِ يَوْمِ ٱلدِّينِ ﴿٤﴾ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾ ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ﴿٦﴾ صِرَٰطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ ٱلْمَغْضُوبِ عَلَيْهِمْ وَلَا ٱلضَّآلِّينَ ﴿٧﴾

**അർഥം:**

1 പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

2 സ്തുതിയഖിലം അല്ലാഹുവിന് മാത്രമാണ്, സർവലോകങ്ങളുടെയും ഉടമസ്ഥൻ.

3. പരമകാരുണികൻ. കരുണാനിധി.

4. വിധിദിനത്തിന്നധിപൻ.

5. നിനക്ക് മാത്രം ഞങ്ങൾ വഴിപ്പെടുന്നു, നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.

6. നീ ഞങ്ങളെ നേർവഴിയിൽ നയിക്കേണമേ.

7. നീ അനുഗ്രഹിച്ചവരുടെ വഴിയിൽ. നിൻെറ കോപത്തിനിരയായവരുടെയും പിഴച്ചവരു ടെയും മാർഗത്തിലല്ല.

**വിശദീകരണം:**

യജമാനനായ ഏകദൈവത്തോട് വല്ലതും ചോദിക്കുന്നത് അവൻെറ മഹത്വം പുകഴ്ത്തി ക്കൊണ്ടാവുകയെന്ന അടിമ-ഉടമ ബന്ധത്തിൻെറ ഉയർന്ന സംസ്കാരം ഈ അദ്ധ്യായത്തി ൻെറ പ്രഥമ ഭാഗം ഏകദൈവ വിശ്വാസികളെ പഠിപ്പിക്കുന്നുണ്ട്.

ഒരു അടിമ പ്രപഞ്ചസ്രഷ്ടാവായ ഏകദൈവത്തെ തൻെറ ഉടമ, സംരക്ഷകൻ, പരിപാ ലകൻ, തന്നോട് കല്പിക്കാനും വിരോധിക്കാനും വിധിക്കാനും അവകാശമുള്ളവൻ എന്നീ നിലകളിലെല്ലാം അംഗീകരിച്ച് തൻെറ എല്ലാ സ്തുതികീർത്തനങ്ങൾക്കും ഉടമസ്ഥനായി അ വൻ മാത്രമേ ഉള്ളൂ എന്ന് പ്രഖ്യാപിക്കുകയാണ് ഈ അദ്ധ്യായത്തിലെ ആദ്യ നാല് വച നങ്ങൾ ചൊല്ലുന്നതു വഴി അയാൾ ചെയ്യുന്നത്. എല്ലാ പ്രപഞ്ചവസ്തുക്കളും ഈവിധം അവയുടേതായ രീതിയിൽ പ്രപഞ്ചനാഥനെ സ്തുതിക്കുകയും അവന് കീഴ്വണക്കം പ്രഖ്യാ പിക്കുകയും ചെയ്യുന്നുണ്ട്. ഖുർആൻ തന്നെ അക്കാര്യം ഉദ്ധരിക്കുന്നുണ്ട്. നാമത് മനസ്സിലാ ക്കുന്നില്ലെന്നു മാത്രം.

അതോടൊപ്പം അടിമ എന്ന നിലക്ക് തൻെറ അർച്ചനകളെല്ലാം നിനക്ക് മാത്രം അവകാ ശപ്പെട്ടതാണെന്നും എൻെറ ജീവിതത്തിന് ആവശ്യമായതെന്തോ അതെല്ലാം നിന്നോട് മാത്ര മേ ചോദിക്കുന്നുള്ളൂവെന്നും തൻെറ സ്രഷ്ടാവിന് മുമ്പിൽ അയാൾ തുറന്നു സമ്മതിക്കുന്നു.

ഈ പ്രഖ്യാപനത്തോടൊപ്പം, നിന്നെ മാത്രം പ്രീതിപ്പെടുത്തി ജീവിക്കാനുപയുക്തമായ ജീവിതമാർഗം എനിക്ക് കാണിച്ചുതരണമെന്നും തന്നെ അതിലൂടെ ജീവിതാന്ത്യം വരെ നയിക്കണമെന്നും യജമാനൻ എന്ന നിലക്ക് നിൻെറ വിരോധത്തിന് വിധേയരായവരും വഴിതെറ്റിയവരുമായ ജനത്തിൽ ഉൾപ്പെടുത്തി ശിക്ഷക്കരുതേ എന്നും അയാൾ പ്രാർഥിക്കുന്നു.

ഈ പ്രാർഥനയുടെ ഫലമാണ് മനുഷ്യലോകത്തിന് ജീവിക്കാനാവശ്യമായ നിയമ നിർദ്ദേശങ്ങളടങ്ങിയ വിശുദ്ധഖുർആൻ ഏകദൈവം പ്രവാചകൻ മുഹമ്മദ്(സ) മുഖേന ലോകത്തിന് നല്കിയത്.

ഖുർആൻ മനുഷ്യരാശിക്കു മുമ്പിൽ സമർപ്പിക്കുന്ന മൊത്തം ആശയങ്ങളുടെ സാരാംശം ഈ അദ്ധ്യായം ഉൾക്കൊള്ളുന്നുണ്ട്.